
# ക്യാൻവാസ് 2k24

ലിറ്റിൽ കൈറ്റ് മാഗസിൻ



**ഗവ.ദേവിവിലാസം ഹയർസെക്കന്ററി സ്കൂൾ**
**വെച്ചൂർ**

# ജി.ഡി .വി എച് .എസ്സ് .എസ്സ്
# കുടവെച്ചൂർ

റവന്യൂ ജില്ല ---കോട്ടയം

വിദ്യാഭ്യാസജില്ല----കടുത്തുരുത്തി

ഉപജില്ല------വൈക്കം

താലൂക്ക്----വൈക്കം

പഞ്ചായത്ത്---വെച്ചൂർ

വാർഡ് -൧


പി ടി എ പ്രസിഡൻറ്-ഷൈമോൻ എം ആർ

പ്രിൻസിപ്പൽ---ലാൽസൻ മാത്യു

ഹെഡ്മിസ്ട്രസ്സ്---ഗീത എം കെ

ഡിജിറ്റൽ  വിദ്യാഭ്യാസം  മനുഷ്യപുരോഗതിയിൽ വലിയ മാറ്റങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുന്നു.നമ്മുടെ അറിവിന്റെ അത്ഭുതകരമായ മേഖലകൾ തുറന്നുതരാൻ ഡിജിറ്റൽ സാങ്കേതികവിദ്യയ്ക്ക് കഴിയും. കുടുംബത്തോടും  സമൂഹത്തോടും രാഷ്ട്രത്തോടും നമുക്ക്  ഉള്ള കടമകൾ  മനസ്സിലാക്കി രാഷ്ട്രപുരോഗതിയെ ത്വരിതപ്പെടുത്തുവാൻ പുത്തൻ സാങ്കേതികവിദ്യ സ്വായത്തമാക്കുന്നതിലൂടെ നമ്മുടെ വിദ്യാർത്ഥികൾക്ക് കഴിയണം  സാങ്കേതികതക വിവരങ്ങളും അറിവും നൽകുന്ന  മാധ്യമം കൂടിയാണ് ഡിജിറ്റൽ വിദ്യാഭ്യാസം.പുതിയ പുതിയ ആശയങ്ങൾ നേടുന്നതിനും  പുതിയ ആശയങ്ങൾ പരിവേഷണം ചെയ്യുന്നതിനും നമ്മെ സഹായിക്കുന്ന ഒരു മേഖലകൂടിയാണ് ഇത്.ആർട്ടിഫിഷ്യൽ  ഇൻറലിജൻസ്  എന്ന നൂതന സാങ്കേതികവിദ്യ  നാം അറിയാതെ തന്നെ നമ്മളിൽ ചെലുത്തുന്ന വലിയ മാറ്റങ്ങളിലൂടെയാണ് നമ്മൾ ഓരോരുത്തരും  കടന്ന് പോകുന്നത്.ഡിജിറ്റൽ യൂണിവേഴ്സിറ്റികൾ ,അതിനൂതന വിദ്യാഭ്യാസമേഖലകൾ, ഈ തലമുറകളിൽ മാത്രമല്ല വരും തലമുറകളിലെ വിദ്യാഭ്യാസരീതി തന്നെ മാറ്റാൻ പോവുകയാണ് .നിങ്ങൾക്ക്  സ്വപ്നം കാണാൻ കഴിയുമെങ്കിൽ അത് നേടാനും കഴിയും അതിന് നിങ്ങൾക്ക്  ഉണ്ടായിരിക്കേണ്ട  ഏറ്റവും ശക്തമായ  ആയുധമാണ്  വിദ്യാഭ്യാസം.അത് ഉപയോഗിച്ച് നിങ്ങളുടെ എല്ലാ സ്വപ്നങ്ങളും സാക്ഷാത്കരിക്കുക..

ആശംസകളോടെ
ഷൈമോൻ  എം  ആർ
പി.ടി.എ പ്രസിഡൻറ്



# Message

It gives me immense pleasure to express my views on the publication of the magazine by our Little Kite team. Little KITEs is a wonderful project of KITE for students to make them aware of the updates that are happening in the world of technology.

After the pandemic, the genaration, from the kids to the elderly, is endrosed bu technology, anthe thing we have to keep in mind is the way we have to deal with the fast-growing technology.We should be very aware of the cyber security measures and cyber crimes that can be a challenge to the happines of society. The Litte KITEs team can do many things to educate the next genaration about the responsible usees of cyber space.

I appreciate the effort taken by the team to encourage the students to show their writing talents.I hope that it will be a record of all the activites,achivements and precious moments of the Little KITEs team. I wish all the success to this venture.

Lalson Mathew
principal

Govt.D.V.H.S.S Vechoor

# ആശംസ

ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിന്റെ ഡിജിറ്റൽ മാഗസിൻ ക്യാൻവാസ് നമ്മുടെ വിദ്യാലയത്തിലെ കുഞ്ഞുങ്ങളുടെ സർഗചേതനയുടെ മിഴിവുറ്റ പ്രകടനത്തിനുള്ള ക്യാൻവാസ് ആയി മാറിയിരിക്കുന്നു എന്ന് ഞാൻ മനസ്സിലാക്കിയിരിക്കുന്നു.ഈ ഡിജിറ്റൽ മാഗസിൻെറ പിറവിക്കു പിന്നിൽ പ്രവർത്തിച്ച എല്ലാവർക്കും അഭിനന്ദനങ്ങൾ .

ഭാവനയുടെ അനന്ത വിഹായസ്സിൽ ചിറകുവിടർത്തി ബഹുദൂരം സഞ്ചരിക്കാൻ പുതുമുകുളങ്ങൾക്ക് കഴിയട്ടെ. അക്ഷരപ്പൂക്കളിൽ നിന്നു കിനിയുന്ന നറുംതേനിൻെറ മാധുര്യം പകർന്നു നൽകി ഭാവിയുടെ വാഗ് ദാനങ്ങളായി മാറാൻ എല്ലാവിധ ആശംസകളും

സ്നേഹപൂർവ്വം
ഗീത എം കെ
ഹെഡ്മിസ്ട്രസ്സ്



## Message

Little kite is a revolution in online platform that combines visual experience in the the new era of learning explotion .Different perceptions of learning makes it new foundations of teaching learning process .

Let our school's renovative,recreative,regenerative efforts may open a new galaxy of information to each and every students.

Reading makes a full man
Conference a ready man
But technology and exact man.

with best wishes
Jainkumar P A
HST English
Senior Assistant

പ്രിയപ്പെട്ടവരെ,

വിദ്യാഭ്യാസമെന്നത് അറിവ് നേടലും നിർമ്മിക്കലും എന്നതിലുപരി പക്വതയുള്ള നല്ല തലമുറയെ പരിപാലിക്കുക എന്നതുതന്നെയാണ്.ഇന്നത്തെ കമ്പ്യൂട്ടർ യുഗത്തിൽ മൽസരിച്ചെത്തുകയും പഠനനിലവാരം ഉയർത്തുകയും ചെയ്യേണ്ടത് ഓരോരുത്തരുടേയും കടമയാണ്.ശിലാതലത്തിൽ നിന്നും താളിയോലകളിലേക്കും അവിടെ നിന്നും കടലാസിലേക്കും പകർത്തപ്പെട്ട സർഗാത്മക സൃഷ്ടികൾ ഇന്ന് ഡിജിറ്റൽ ക്യാൻവസ് എന്ന മാധ്യമത്തിൽ എത്തി നിൽക്കുന്നു .നാളെ അത് മറ്റൊന്നിലേക്ക് മാറുക തന്നെ ചെയ്യും.മനുഷ്യൻ എന്നും പുരോഗതിയുടെപാതയിലാണ്.ആ പാതയിലെന്നോണം പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിൻെറ ഭാഗമായി സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതിയായ ലിറ്റിൽകൈറ്റ്സിലൂടെ നൂതനസാങ്കേതികപഠനങ്ങൾ നമ്മുടെ കുഞ്ഞുങ്ങൾ സ്വായത്തമാക്കുന്നുവെന്നത് അഭിമാനകരമാണ്.വളർച്ചയുടെ പടവുകളിൽ അവർക്ക് എല്ലാ ഭാവുകങ്ങളും ആശംസിക്കുന്നു.ഈ മാഗസിൻെറ ഓരോ താളുംസർഗാത്മകവീഥിയിൽപ്രശോഭിക്കട്ടെ.

എഡിറ്റോറിയൽ
ആർദ്രലക്ഷ്മി
ലക്ഷ്മി.ജി.ശങ്കർ
വിജയലക്ഷമി.ആർ
ദിനിമോൾപി.എം
നീതു.കെ.ജി

# ഉള്ളടക്കം

പേജ് നമ്പർ


1 കവിത ചെടിയും ഞാനും അനഘവിനോദ്............................9

2കവിത പള്ളിക്കൂടം ഷീജഭാസ്കർ........................................10

3 കവിത എന്റെ ചങ്ങായി ജീഷ്ന ആന്റണി............................11

4 poem Adieu Lini Jacob..............................................12

5 കവിത കണ്ണീർമഴ ജീഷ്ന ആന്റണി...............................13

6 കവിത മഴവില്ല് ആര്യ ബിജു..........................................14

7 കവിത തിരുത്ത് ആർദ്രലക്ഷ്മി പി .....................................15

8 poem Between you and me Ardralakhmi.......................16

9 poem Seashore Muhammad Anas p m..............................17

10 തണ്ണീർത്തടങ്ങൾ കെ ജി കൃപ........................................18

11 പ്രളയവും അതിജീവനവും അഭിരാമി പി ബി......................................19

12 കവിത തത്തമ്മ സൗരവ് പി രാജ്...................................20

13 കഥ മുയലിൻെറ തന്ത്രം അമല ആൻറണി........................................21

14 വിനോദയാത്ര യാത്രാവിവരണം ഫിദ ഫാത്തിമ................................22

15 ആസ്വാദനകുറിപ്പ് വാഴവെട്ട് വിജയലക്ഷ്മി ആർ..................................23

16 കഥ കുരങ്ങും മുയലും തമ്മിലുള്ള മത്സരം ഫിദ ഫാത്തിമ.........................26

17 യാത്രാവിവരണം നിരഞ്ജന കെ ഷിബു .......................................27

18 കഥ വർണ്ണങ്ങളുടെ ലോകത്ത് ഗൗതം ശ്രീകുമാർ.................................28

19 കഥ ധനികൻെറ കരുണ റിഥികഅരുൺകുമാർ.................................31

20 അനുഭവക്കുറിപ്പ് അഞ്ജന എം ജെ................................................32

21 എൻെറ കൃഷി അതുൽകൃഷ്ണ ബി...........................................................33

# ചെടിയും ഞാനും

അനഘ വിനോദ്
൯ c

വേഗം വളരെന്റെ ചെടിയേ നീ
വേഗം വളരെന്റെ ചെടിയേ

നിന്നെ ഞാൻ വളർത്തുന്നതെൻ
കുഞ്ഞ് പോലെയല്ലോ

ഓമന ചെടിയേ നീ നാടിന്റെ
നൻമയ്ക്കായ് വളരുകെൻ ചെടിയേ

നിനക്കായ് ഒരു പിടി മണ്ണു തരാം
നിനക്കായ് ഒരു കുടം വെള്ളം തരാം
നിനക്കായ് ഒരു പിടി വളവും തരാം
നിനക്കായ് എന്റെ സ്നേഹം മുഴുവൻ തരാം

വളര് നീ ലോകത്തിനായ് വളര്......



# പള്ളിക്കൂടം


ഷീജ ഭാസ്കർ
എൽ പി എസ് റ്റി

പാടവരമ്പിന്നരികത്ത്
വാകമരച്ചോട്ടിൻമുററത്ത്
ഓർമ്മകൾ മാടിവിളിക്കുന്ന,
സ്വപ്നങ്ങൾ  പൂത്തുലഞ്ഞൊരെൻ
കൊച്ചുപള്ളിക്കൂടം...........

കൊച്ചുപിണക്കങ്ങൾ,കൊച്ചുക്കുറുമ്പുകൾ,
കൊച്ചുകഥകളും,കൊച്ചുകൊച്ചു
പുസ്തകസ്ളേററുകല്ലുപെൻസിലും
എത്രമനോഹരമായിരുന്നക്കാലമെന്നോ?

കാലം മറന്നാലും പ്രായംനരച്ചാലും
ഓർമ്മകൾക്കെന്നും പുതുമണം മാത്രം

നാളുകളെത്രകഴിഞ്ഞാലും
പഴമതൻ മധുരവും,
പവവഴമതൻ നൻമയും
എന്നെന്നും  എന്നെന്നും
മധുരിക്കുംകാലം.



# എന്റെ ചങ്ങായി

ജ്ലീഷ്നആന്റണി
൭ c

ചങ്ങായി,ചങ്ങായി
പുസ്തകമെന്നൊരു ചങ്ങായി......

ചങ്ങായി,ചങ്ങായി
പുസ്തകമെന്നൊരു ചങ്ങായി.....

ഒരു പുസ്തകത്താളമതി
അറിവിന്റെലോകത്തെത്താൻ......

ഒരു പുസ്തകത്താളമതി
അറിവിന്റെലോകത്തെത്താൻ......

വായിച്ചങ്ങുപടിച്ചീടാം ,
അറിവുകളെല്ലാം നേടീടാൻ......

കഥകള് കേട്ടുരസിച്ചീടാം
ഹായ് ഹായ് എന്തുരസം.



# Adieu


Lini Jacob
U P S T

Adieu,dear colleagues,friends of mine
In my heart, I hold you like stars that shine
Grateful to parents ,teachers and my boosters
Your blessings ,guide me like  masters.

Farewell,all my students dear
you're my own,now and ever
Blessings upon you, like a flowing stream
Let all your ventures  be supreme

Love you all,for you're so precious
In my  thoughts  ,never fade the freshness
Tears rolling down my cheeks,it's  miserable
Painful to depart but inevitable

Thank God for the wonderful  days
For my most memorable teaching years
Beloveds,you remain in my memory as a treasure
Hope and pray,we meet at leisure.



# കണ്ണീർമഴ

ജ്ഞീഷ്ന ആൻറണി

9 c

പ്രളയം പ്രളയം തീരാദുരിതം,
കണ്ണീർമഴയായി തീരും ദുരിതം.....
പലതും നഷ്ടം,പലതും നഷ്ടം
ഒരു കുഞ്ഞുമനസ്സിൻ നൊമ്പരമാണിത്......

അമ്മമനസിൻ കണ്ണീർമഴയായ്,
പെയ്തുതുടങ്ങി പെരുവെള്ളം........
പുഴയും തോടും നിറഞ്ഞൊഴുകി
ഡാമുകളെല്ലാം കവിഞ്ഞൊഴുകി.....

നരൻെറ ചെയ്തികളുടെ ഫലമായ്,
പെയ്യുന്നു മഴ പെയ്യുന്നു........
പുതിയൊരു തൈ നട്ടുവളർത്തി,
നമുക്കിവിടം പടുത്തുയർത്താം...

# മഴവില്ല്

അഞ്ജലി.ബിജു
8.c

മഴപെയ്തു തോരുംനേരം ആകാശത്ത്  തെളിഞ്ഞ്
നിൽപതു  നീ മഴവില്ലേ................

വർണ്ണത്തിളപ്പോടെ  ഉദിച്ചുനിൽക്കുന്ന നിന്നെ നോക്കി
നിൽപ്പതെന്തുരസം..............

ഏഴഴകെന്ന് കവികൾ നിന്നെ വർണ്ണിച്ചീടവെ
നിന്നെത്തൊടാൻ  കൊതിക്കുന്നുവെൻമനം

എന്തിനു നീ  എന്നിൽനിന്ന് ദൂരെയായി നിൽപ്പൂ
ആകാശത്തിൻ വർണ്ണങ്ങൾ പുതച്ചുനില്പൂ നീ.......

അഴകാർന്ന മഴവില്ലേ... ഒന്നെന്നരികിൽ
വരുമോ നീ..............

# തിരുത്ത്

ആർദ്രലക്ഷ്മി .പി
9 c

പുഴ ഒഴുകുകയാണ്.
കാടിൻെറ അടുത്തേയ്ക്ക്
കാട് തന്നെ കാത്തിരിയ്ക്കുകയാണെന്ന് അവനറിയാം
പുഴ ഒഴുകുകയാണ്.
പാറക്കെട്ടുകൾ താണ്ടി,മലയും താഴ്വരയും  കടന്ന്...
കാട്  പുഴയെ കാത്തിരുന്നു
പച്ചപ്പട്ടുടുത്ത്,കാർമുകിലാകുന്ന മുടി അഴിച്ചിട്ട്,സന്ധ്യ തന്ന
കുങ്കുമവും  കാർമേഘം തന്ന കരിമഷിയും എഴുതി
തൻെറ പ്രാണനാഥനെ കാത്തിരിക്കുന്നു

പുഴ ഒഴുകുകയാണ്.
ഒടുവിൽ അവരുടെ സമാഗമം നടന്നു
പുഴ  കാടിന് ഒരു വെള്ളിക്കൊലുസ്സ്  നൽകി
നക്ഷത്രത്തെ വെല്ലുന്ന ഒന്ന്.
അവളുടെ  അധരങ്ങളിൽ ചെറുപുഞ്ചിരിവിടർന്നു
ആ ലജ്ജമുഴുവൻ അതിൽ  സ്പഷ്ടം

കാടിൻെറ സ്വന്തം പുഴ
അല്ല
തിരുത്തുണ്ട്  കാടിൻെറ
മാത്രം  പുഴ.



# Between you and Me

Ardralakshmi .p
9.c

There is no love in my heart,
To make you as Mine...

There is no temple in my mind,
To keep you as my God.....

There is no blood in my veins,
To store you as my breath....

But ;
I know one thing,

I will remember you

Until my last beatsss......

# SEASHORE

Muhammad Anas p m
H S T English

As sitting by the seashore watching waves
watching sea lovers over land
make my eyes watery

You want to jump right into the sea
But the danger ahead causes hesitation
You want to walk away from waves
But the beauty of it calls you back

The waves are never ending
as it should be !
It is nature's law to
Waves to hug the land
but it should be a


In the end, it must go
As the nature's law.

# തണ്ണീർ തടങ്ങൾ

കെ ജി കൃപ
8 c

തണ്ണീർ തടങ്ങൾ എന്നാൽ കരയിലെ മണ്ണ് വെള്ളത്താൽ മൂടപ്പെട്ട പ്രദേശങ്ങൾ എന്നാണ്. ഇവ ഭൂമിയുടെ ഉപരിതലത്തിലുള്ള ജലത്തെ സംരക്ഷിച്ചു വയ്ക്കുന്നു. വയലുകൾ, ചതുപ്പ്, ജലസ്രോതസ്സുകൾ എന്നിവയെല്ലാം ഇവയിൽ ഉൾപ്പെടും.ഏറെ ഉൽപ്പാതനക്ഷമതയുള്ള ഇവ മണ്ണൊലിപ്പ് തടയുകയും, അരുവിപ്രവാഹത്തെ നിലനിർത്തുകയും, ജലത്തിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കുകയും ചെയ്യുന്നു. അതുപോലെതന്നെ ഇപ്പോൾ വംശനാശം നേരിടുന്ന ഒരുപാട് ജീവികളുടെ വാസസ്ഥലം കൂടിയാണിവ. അതുകൊണ്ട് ഇവ പ്രകൃതിയുടെ വൃക്കകളെന്ന് അറിയപ്പെടുന്നു.

തണ്ണീർതടങ്ങളിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്നതും, കീടനാശിനികളുടെ അമിതമായ ഉപയോഗവും ഇവ നശിക്കുന്നതിന് കാരണമാകുന്നു. കൂടാതെ ഇവയിലെ ആവാസവ്യവസ്ഥയും ഇല്ലാതാകുന്നു. കൂടുതൽ മരങ്ങൾ വെച്ചുപിടിപ്പിക്കുകയും, മാലിന്യങ്ങൾ മണ്ണിലേക്ക് വലിച്ചെറിയുന്നതും, അതുപോലെ കീടനാശിനികൾ ഒഴിവാക്കുകയും ചെയ്താൽ നമുക്ക് തണ്ണീർ തടങ്ങൾ സംരക്ഷിക്കാം. അങ്ങനെ പുതുതലമുറയ്ക്ക് വേണ്ടി ഒരു നല്ല ഭൂമി വാർത്തെടുക്കാൻ നമുക്കോരോരുത്തർക്കും സാധിക്കും.....



# പ്രളയവും അതിജീവനവും ....

അഭിരാമി പി ബി
8 c

2018 Aug-14. അവൾ സ്ക്കൂളിലേക്ക് പോകാൻ ഒരുങ്ങുകയായിരുന്നു. പെട്ടെന്നാണ് കാർമേഘം ഇരുണ്ട് മഴപെയ്യാൻ തുടങ്ങിയത്. കുറച്ചുനേരം ആ മഴയെ നോക്കി അവൾ നിന്നു. അപ്പോഴാണ് സ്ക്കൂളിലേക്ക് പോകുന്ന കാര്യം അമ്മ അവളെ ഓർമ്മിപ്പിച്ചത്. അതുകേട്ടതും അവൾ അകത്തേക്കോടി. മഴ കനത്തുതുടങ്ങി. അതുകണ്ടപ്പോൾ അവൾക്ക് സ്ക്കൂളിൽ പോകാൻ ചെറിയൊരു മടി തോന്നി. അവൾ കുടയുമെടുത്ത് കൂട്ടുകാരിയുടെ വീട്ടിലേക്കോടി. അവൾ തന്റെ കൂട്ടുകാരിയുമൊത്ത് സ്ക്കൂളിലേക്ക് നടന്നു. വഴിയിൽ വയലുകൾ നിറഞ്ഞൊഴുകുന്നതും, തവളകൾ തുള്ളിച്ചാടി ആഹ്ലാദം പ്രകടിപ്പിക്കുന്നതും, മീനുകൾ വയലുകൾതോറും ചാടിക്കളിക്കുന്നതുമൊക്കെക്കണ്ടു. സ്ക്കൂളിലന്ന് സാധാരണയുള്ളതിനേക്കാൾ കുട്ടികളുടെ എണ്ണം കുറവായിരുന്നു. ദൂരെയുള്ള അധ്യാപകരൊന്നും വന്നിട്ടുണ്ടായിരുന്നില്ല. മഴ ശമിക്കാത്തതിനാൽ അന്നുച്ചയ്ക്ക് സ്ക്കൂൾ വിട്ടു. അവൾ വീട്ടിലെത്തി. സന്ധ്യയായപ്പോൾ വീടിനുചുറ്റും വെള്ളം കയറി. ആദ്യം അവൾക്ക് സന്തോഷം തോന്നി. പിന്നെ പേടിയും. രാവിലെ എഴുന്നേറ്റപ്പോൾ സ്ക്കൂൾക്യാമ്പിലേക്ക് മാറാനുള്ള നിർദ്ദേശം വന്നിരുന്നു. ക്യാമ്പിൽ എല്ലാവരും ഒത്താരുമയോടെ കഴിഞ്ഞു. ഓണം എല്ലാവരും ക്യാമ്പിൽ ആഘോഷിച്ചു. ഒടുവിൽ കേരളം ആ ദുരന്തത്തെയും അതിജീവിച്ചു.



# തത്തമ്മ

സൗരവ് പി രാജ്

അത്തിമരത്തിലെ തത്തമ്മ...

കൊഞ്ചികുറുകുന്ന തത്തമ്മ...

പാട്ടുപാടുന്നൊരു തത്തമ്മ...

അത്തിപഴം തത്തമ്മ...

ചോന്നമുളകുപോൽ ചുണ്ടുകളുണ്ട്...

പച്ചമുളകുപോൽ ചിറകുകളുണ്ട്....

ചുണ്ടുകൾ കൊണ്ടത് കൊത്തിപ്പെറുക്കും,

ചിറകുകൾ കൊണ്ടത് വാനിൽ പറക്കും.

കടുകുമണിപോൽ കണ്ണുകളുണ്ട്...

കണ്ണുകൾ കൊണ്ടത് ദൂരം അളക്കും,

കാലുകൾ കൊണ്ടത് നൃത്തം കളിക്കും.

ക്രൂർത്ത കുന്തംപോൽ നഖങ്ങളുണ്ട്...

നീണ്ട പച്ചോല പോൽ വാലുമുണ്ട്...


നഖങ്ങൾ കൊണ്ടത് അള്ളിപ്പറിക്കും,

വാലുകൊണ്ടത് കൊണ്ടത് ആടിക്കളിക്കും.

കൊത്തിപ്പെറുക്കുന്നു, വാനിൽപറക്കുന്നു, ദൂരം അളക്കുന്നു, തത്തമ്മ...

നൃത്തം കളിക്കുന്നു, അള്ളിപ്പറിക്കുന്നു,.ആടിക്കളിക്കുന്നു തത്തമ്മ...


ആടിക്കളിക്കുന്നു തത്തമ്മ...



# മുയലിൻെറ തന്ത്രം

അമല ആൻറണി
5 B

പണ്ടത്തെ വാശിയെല്ലാം കളഞ്ഞ് ആമയും മുയലും ചങ്ങാതിമാരാകാൻ തീരുമാനിച്ചു. ഒരു ദിവസം രാവിലെ അവർ രണ്ടുപേരും കൂടി നടക്കാനിറങ്ങി.അപ്പോൾ അതുവഴി ഒരു മാൻ വന്നു. അവൻ ചോദിച്ചു നിങ്ങൾ രണ്ടുപേരും പണ്ടത്തെ വാശിയെല്ലാം കളഞ്ഞ് ചങ്ങാതികൾ ആയോ
മുയൽ പറഞ്ഞു അതേ ഞങ്ങൾ ഇപ്പോൾ കൂട്ടുകാർ ആയിരിക്കുകയാണ്.മുയൽ ആമയെ നോക്കി.അവർ രണ്ടുപേരും സന്തോഷത്തോടെ മാനിനോട് പറഞ്ഞു ഞങ്ങൾ പണ്ടത്തെ കാര്യമെല്ലാം മറന്നു .ഇങ്ങനെ പറഞ്ഞ് അവർ മുന്നോട്ട് നീങ്ങി. അവർ നടന്ന് നടന്ന് ഒരു വരണ്ട പ്രദേശത്ത് എത്തി അവിടെ നിന്ന് ഒരു കുറുക്കൻ തങ്ങളെ നോക്കി വരുന്നത് അവർ കണ്ടു പേടിച്ച ആമ ഉടൻ തോടിനകത്ത്ഒളിച്ചു.പക്ഷേ നമ്മുടെ മുയൽ എങ്ങനെ രക്ഷപ്പെടും.അപ്പോൾ മുയൽ ഒരു തന്ത്രം പ്രയോഗിച്ചു.മുയൽ കുറുക്കനെ തൻെറ അടുത്തേയ്ക്ക് വിളിച്ചിട്ട് പറഞ്ഞു കുറുക്കൻ ചേട്ടാ ഇങ്ങോട്ട് വരൂ ഞാൻ നിങ്ങൾക്ക് ഒരു സമ്മാനവുമായിട്ടാണ് വന്നിരിക്കുന്നത്.കുറുക്കൻ ചോദിച്ചു എന്ത് സമ്മാനം ? മുയൽ പറഞ്ഞു ഈ പാറ കണ്ടില്ലേ ?ഈ പാറയാണോ നീ തരാം എന്ന് പറഞ്ഞ സമ്മാനം കറുക്കൻ മുയലിനോട് ചോദിച്ചു? മുയൽ പറഞ്ഞു അല്ല! ഇത് നിവർത്തി വെച്ചാൽ ഒരു കുഴികാണും ആ കുഴിയിൽ ഒരു വലിയ കോഴിക്കുഞ്ഞ് വീണ് കിടപ്പുണ്ട്.പാറ എന്ന് മുയൽ കുറുക്കനോട് പറഞ്ഞത് ആമയുടെ തോട് ആയിരുന്നു.മൂഢനായ കുറുക്കൻ അത് വിശ്വസിച്ചു.മുയൽ പറഞ്ഞു ഞാൻ പോയി ഈ കോഴിക്കുഞ്ഞിനെ പുറത്തെടുക്കാനുള്ള വള്ളിയുമായി വരാം ഇങ്ങനെ പറഞ്ഞ് മുയൽ അവിടെ നിന്ന് രക്ഷപെട്ടു.കുറെ നേരമായിട്ടും മുയലിനെ കാണാതായപ്പോൾ കുറുക്കന് മനസ്സിലായി മുയൽ തന്നെ പറ്റിച്ചു എന്ന്.ദേഷ്യം വന്ന കുറുക്കൻ ആമയുടെ തോട് ചവിട്ടി.മുയലിനെ ചതിച്ച ആമയ്ക്ക് ശിക്ഷയും കിട്ടി.




# വിനോദയാത്ര

ഹിദ ഫാത്തിമ
7 B

ഫെബ്രുവരി, ഞാനും എന്റെ കൂട്ടുകാരും കൂടി ചേറ്ന്ന് ഒരു യാത്ര പോകുവാൻ തീരുമാനിച്ചു. നമ്മുടെ തൃശ്ശൂരുള്ള സിൽവറ് സ്റ്റോമിലേക്ക് പോവാനാണ് തീരുമാനിച്ചത്. ഒരു ദിവസത്തെ ട്രിപ്പ് തീരുമാനിക്കുകയും ഒരു ബസ്സ് ബുക്ക് ചെയ്യുകയും ചെയ്തു. അങ്ങനെ13/02/2024 ചൊവ്വാഴ്ച പുലറ്ച്ചെ 6 am ന് പുറപ്പെട്ടു. അങ്ങനെ തുള്ളലും ആഘോഷവുമൊക്കെയായി തുടറ്ന്നു. 8am ന് വണ്ടി നിറ്ത്തി പ്രഭാത ഭക്ഷണം കഴിക്കാൻ ഇറങ്ങി. അങ്ങനെ കഴിച്ച് 8.30am മണിക്ക് യാത്ര തുടറ്ന്നു. 9.30am ന് സിൽവറ് സ്റ്റോമിസെത്തി.അവിടത്തെ ടിക്കറ്റിന്റെ കാര്യങ്ങളൊക്കെ ശരിയാക്കി ഞങ്ങൾ ആദ്യം സ്റ്റോ പാറ്ക്കിലാണ് കയറിയത്. അതിൽ നല്ല തണുപ്പും നല്ല രസകരമായ കാഴ്ചകളും അനുഭവങ്ങളും ഒക്കെ കിട്ടി. അങ്ങനെ ഞങ്ങൾ ഒരു 10 am ന് അവിടെ നിന്ന് ഇറങ്ങി ഫ്രഷ് ആയി ഭക്ഷണം കഴിച്ച് ഞങ്ങൾ ഒരോരോ റൈഡിലും കയറാൻ ഇറങ്ങി. വെത്യസ്ഥ തരത്തിലുള്ള പല പല റൈഡുകൾ. അതിലൊക്കെ കയറി ഒരെണ്ണം പോലും വിടാതെ ഞങ്ങൾ എല്ലാത്തിലും കയറാൻ പോയി. വാട്ടറ് റൈഡുകളും അതുപോലെ തന്നെ പല വെത്യസ്ത രൂപങ്ങളിൽ ഉണ്ടായിരുന്നു. ഞങ്ങൾ എല്ലാ റൈഡിലും കയറി ഉല്ലസിച്ച് കളിച്ച് വെള്ളത്തിലൊക്കെ ഇറങ്ങി ഒരു 3pm മണിയായപ്പോൾ ഒന്നു ഫ്രഷായി ഭക്ഷണവും ചായയും കുടിച്ച് ഞങ്ങൾ വിവിധ തരത്തിലുള്ള ഫോട്ടോ എടുത്തു. ഞങ്ങൾ പിന്നെ യാത്ര തിരിക്കാനുള്ള തയ്യാറെടുപ്പ് നടത്തി. 5pmന് യാത്ര തിരിച്ചു.

ഞങ്ങളുടെ യാത്ര വളരെ രസകരവും മറക്കാനാവാത്ത കാഴ്ചകളും അനുഭവങ്ങളുമായി മാറി. ഞങ്ങൾ നന്നായി ആസ്വദിക്കുകയും എൻജോയി ചെയ്യുകയും ചെയ്തു. അങ്ങനെ ഞങ്ങളുടെ യാത്രഅവസാനിച്ചു.



# കുഴിവെട്ടിമൂടിയസ്വപ്നങ്ങൾ...

വിജയലക്ഷ്മിആർ
എച്.എസ്.റ്റി
മലയാളം

കാർഷിക ജീവിതം പ്രമേയമാക്കി നിരവധി കഥകളെഴുതിയിട്ടുള്ള സാഹിത്യകാരനാണ് പൊൻകുന്നം വർക്കി.മധ്യതിരുവിതാംകൂറിലെ കാർഷിക ജീവിതമാണ് പൊൻകുന്നം വർക്കിയുടെ "ആ വാഴവെട്ട". എന്ന പ്രശസ്തമായ കഥയുടെ പശ്ചാത്തലം. മർക്കോസ് ചേട്ടൻ എന്ന സാധാരണ കർഷകന്റെ ജീവിതദുരിതങ്ങളും ഭരണസംവിധാനങ്ങളും ആ കർഷകനോട് സ്വീകരിക്കുന്ന മനുഷ്യത്വരഹിതമായ നിലപാടുകളും ഈ കഥ ആവിഷ്കരിക്കുന്നു. "പാരിന്റെ പാദം പണിയുന്ന" കർഷകരോട് പുലർത്തുന്ന നിഷേധാത്മക നിലപാടുകളോടുള്ള ശക്തമായ പ്രധിഷേധത്തിന്റെ സ്വരം ഈ കഥയിൽ ഉയർന്നുകേൾക്കാം. "കുംഭത്തിൽ നട്ടാൽ കുടത്തോളം, മീനത്തിലായാൽ എങ്കണ്ണിനോളം മാത്രം." എന്ന കൃഷിയുമായി ബന്ധപ്പെട്ട ഒരു പഴഞ്ചൊല്ലോടെയാണ് കഥ ആരംഭിക്കുന്നത്. തലമുറകൾ പകർന്നുനൽകിയ അനുഭവജ്ഞാനത്തിന്റെ വെളിച്ചത്തിൽ കൃഷിയെ സമീപിക്കുന്ന മർക്കോസ് ചേട്ടൻ എന്ന കൃഷിക്കാരന്റെ പ്രായോഗികപരിജ്ഞാനം ഇവിടെ സൂചിതമാകുന്നത്.ചേനത്തലകൾ ഏതേത് കാലത്ത് നടണമെന്നുള്ള കാര്യത്തിൽ മർക്കോസ് ചേട്ടന് നല്ല നിശ്ചയമുണ്ട്. അയാൾ ഒരു നല്ല കർഷകനാണ്.മർക്കോസ് ചേട്ടനെക്കുറിച്ചുള്ള കഥാകൃത്തിൻെറ വാക്കുകളാണിത്.എല്ലുമുറിയെ പണിചെയ്താലും നിത്യദാരിദ്രത്തിൽ കഴിയേണ്ടിവരുന്ന ഓരോ കർഷകനേയും പ്രതിനിധീകരിക്കുന്നു ഇതിലെ പ്രധാനകഥാപാത്രമായ മർക്കോസ് ചേട്ടൻ. കർഷകരുടെ ജീവിത ദൈന്യതയാണ് മർക്കോസ് ചേട്ടൻെറ സൂക്ഷ്മവിവരണത്തിലൂടെ കഥാകൃത്ത് നൽകുന്നത് . ഏകദേശം ഒരേക്കർ സ്ഥലത്ത്

നം ചെയ്തുണ്ടാക്കിയ വാഴകളിൽ നിന്ന് ലഭിക്കുന്ന ആദായമായിരുന്നു ആ കർഷകക്കുടുംബത്തിന്റെ ജീവിതമാർഗം.


എവിടെയോ വാഴകൾക്കു രോഗം ബാധിച്ചതിന്റെ പേരിൽ നാട്ടിലുള്ള വാ-
ഴകളെല്ലാം വെട്ടിനശിപ്പിക്കാൻ സർക്കാർ ഉത്തരവിറക്കി. വാഴവെട്ടിനശിപ്പിക്കാനുള്ള ഉദ്യോഗസ്ഥരു-
ടെ ആജ്ഞ അദ്ദേഹത്തിന്റെ ഹൃദയം പിളർക്കുന്നതായിരുന്നു. തന്റെ ആശ്രയവും പ്രാണനുമായി-
രുന്ന ആ വാഴകൾ വെട്ടുന്നതും അദ്ദേഹത്തിന്റെ കഴുത്ത് വെട്ടുന്നതും ആ കർഷകന് ഒരുപോലെ-
യായിരുന്നു. സർക്കാർ ഉത്തരവ് അനുസരിക്കാതെ തരമില്ലല്ലോ?തിങ്കളാഴ്ചയ്ക്കകം വാഴവെട്ടണമെ-
ന്നാണ് ഉത്തരവ്. ആ ശനിയാഴ്ച തന്റെ വാഴത്തോട്ടത്തിൽ എത്തിയ മർക്കോസ് ചേട്ടൻ 'തന്റെ
ജീവിതത്തിന്റെ രക്തധമനികളായ ആ ചെടികളുടെ ഓരോ ചുവട്ടിലും ഹൃദയഭാരത്തോടെ ' നോക്കി-
നിൽക്കുന്നതും വാഴക്കൈകൾ മന്ദമായി വീശി അയാളെ ആശ്വസിപ്പിക്കുന്നതുമെല്ലാം കൃഷിക്കാരനും
പ്രകൃതിയും തമ്മിലുള്ള ആത്മബന്ധത്തേയാണ് കാട്ടിതരുന്നത്. "എങ്കിൽ എന്റെ പൗലോസിനേയും
ജോണിനേയും റാഹേലിനേയുമൊക്കെ ഒക്കെ വെട്ടിക്കളയുകയല്ലേ ഭേദം? " - എന്ന മർക്കോസ് ചേട്ട-
ന്റെ വാക്കുകളിൽ സ്വന്തം മക്കളുടെ സ്ഥാനമാണ് താൻ കൃഷിചെയ്യുന്ന വാഴകൾക്കും നൽകിയിട്ടുള്ളത്
എന്നുകാണാൻ കഴിയും.

അയൽക്കാരായ കൃഷിക്കാരെല്ലാം വാഴവെട്ടി " താനെന്താ വെട്ടാത്തത്?
വെട്ടിയില്ലേ അവരുവന്ന് വെട്ടിക്കും. ആ ചിലവിനുപിന്നെ ഈ കുടിലുകൂടെ ജപ്തി ചെയ്യും. എന്തു ചെ-
യ്യുന്നെടോ,വരുന്നതൊക്കെ നമുക്ക് അനുഭവിക്കാം." ഗത്യന്തരമില്ലാതെ തന്റെ വാഴയും വെട്ടിക്കളയേ- ണ്ടി
വന്ന അയൽവാസിയായ ഗോപാലൻ നായർ മർക്കോസ് ചേച്ടനോട് പറയുന്ന വാക്കുകൾ ക-
ണ്ണിൽച്ചോരയില്ലാത്ത നിയമാവ്യവസ്ഥയ്ക്കുമുമ്പിൽ നിസ്സഹായനായിപ്പോകുന്ന കർഷകന്റെ മന:സംഘ-
ർഷം വ്യക്തമാക്കുന്നു.
ഒടുവിൽ തിങ്കളാഴ്ച രാവിലെ ഇടറുന്ന കാലടികളും വിറയ്ക്കുന്ന കൈകളും ഉണ-
ങ്ങിയ കണ്ണുവുമായി വാഴവെട്ടാൻ വാഴച്ചുവട്ടിലെത്തിയ ആ കർഷകന്റെ ഹൃദയം പൊട്ടിയുള്ള കരച്ചി-
ൽ ആരുടേയും കണ്ണുനനയിക്കും. ആ വാഴത്തണ്ടുകളെ അയാൾ തലോടുമ്പോൾ അവ ' അയാളുടെ
വിരലുകളിൽ വെണ്മയുടെ ലേപനം ചേർത്തു'. മനസറിഞ്ഞു സ്നഹിക്കുന്നവരെ തിരിച്ചറിയാനും സ്നേ-
ഹിക്കാനും ജീവജാലങ്ങളൾക്കും കഴിയും എന്ന കിരിച്ചറിവാണ് ഈ സന്ദർഭം നൽകുന്നത്. മനസ്സു
തകർന്ന ആ കർഷകൻ വാഴയ്ക്കിട്ടു വെട്ടുന്ന വെട്ട് അയാളുടെ ഇടതു കാൽ മുട്ടിൽ ചെന്നു കൊണ്ടു
എന്ന് കഥാകൃത്ത് പറയുന്നത് ധ്വന്യാത്മകമാണ്. തന്റെ മക്കളെപ്പോലെ പോറ്റിവളർത്തിയ വാഴക-
ളെ ഇല്ലായ്മ ചെയ്യുന്നത് മർക്കോസ് ചേട്ടന് മരണത്തിന് സമാനമായ അനുഭവം തന്നെയാണ്. പി-
ന്നീട് ആറിതണുത്ത തന്റെ പിതാവ് ബോധശൂന്യനായി വാഴചുവട്ടിൽ കിടക്കുന്നതാണ് റാഹേൽ കാ-
ണുന്നത്. ആശുപത്രിയിലേക്ക് കരക്കു കൊണ്ടുപോകാൻ വന്ന റാഹേൽ മരുഭൂമിയായ ആ പുരയിടം
കണ്ട് മാറിൽ തല്ലി വിലപിക്കുന്ന രംഗവും നമ്മുടെ ഹൃദയത്തെ വല്ലാതെ ഉലക്കുന്നതാണ്. മർക്കോസ്
ചേട്ടനെപ്പോലെ തന്നെ അവളും കൃഷിയെ ഏറെ സ്നേഹിച്ചിരുന്നു. " എന്റെ പിതാവിനും രോഗമുണ്ട്.
അദ്ദേഹത്തേക്കൂടി നിങ്ങൾ വെട്ടിമൂടുക!" എന്ന് ആക്രോശിച്ചു കൊണ്ട് ഉദ്യോഗസ്ഥരുടെ നേരെയെ-
ത്തുന്ന റാഹേൽ ഒരു സിംഹിയുടെ തന്റേടം പ്രകടിപ്പിക്കുന്നു.

ഒതു കർഷകന്റെ മുഖത്ത് പ്രസന്നതയന്വേഷിക്കാൻ കേരളത്തിന് നേരമില്ല.
അവ ശക്തിയെരിഞ്ഞ ബാറ്ററികൾ പോലെ നിലകൊള്ളുന്നു. , പ്രാണായാമ പടുക്കളായ യതിവര്യന്മാ-
ർ ജീവിതചൂട് വീശിത്തണുപ്പിച്ചുക്കൊണ്ടിരിക്കുന്ന മരതകക്കാറ്റാടികൾ, തുടങ്ങിയ നിരവധി പ്രയോഗ-
ങ്ങൾ കഥയെ മനോഹരമാക്കുന്നു.

അന്നമൂട്ടുന്ന കർഷകനെ പരിഗണിക്കുന്ന വ്യവസ്ഥിതി ഇവിടെ
നിലവിൽ വരും എന്ന ശുഭ പ്രതീക്ഷ വച്ചു പുലർത്തുന്ന ഒരു സന്ദർഭം കഥയിലുണ്ട്. " അല്ലയോ ഉ-
ദാരനായ കർഷകാ...: വീണ്ടും നമുക്കു കാണാം. നമസ്കാരം!" മണ്ണും പ്രകൃതിയും അറിഞ്ഞ് കൃഷി ചെ-
യ്യുന്ന കർഷകൻ ആറ്റം ബോംബ് യുഗത്തിലെ കർഷകനല്ല. മാറിമാറി വരുന്ന കാർഷിക സംസ്കാരത്തെ
ഈകഥ സൂചിപ്പിക്കുന്നു. പരിഷ്കൃത ലോകത്തെ ഉദ്യോഗസ്ഥർക്ക് യഥാർഥ കർഷകനെ അറിയാൻ

**വളരെ ലളിതമായ ഭാഷയിൽ ആവിഷ്കരിച്ചിട്ടുള്ള ഈ കഥ 1940 കളിലെ കർഷകന്റെ ജീവിതപ്രതിസന്ധികളെ സൂക്ഷമമായി അവതരിപ്പിക്കുന്നു. സർക്കാർ സംവിധാനങ്ങൾ തങ്ങളോട് ചെയ്യുന്ന അവഗണനകൾക്കെതിരെയുള്ള പ്രധിഷേധം മർക്കോസിന്റെ ഈ വാക്കുകളിൽ കാണാം. ഈ കാലഘട്ടത്തിലും കാർഷികരംഗം നിരവധി പ്രതിസന്ധികൾ നേരിടുന്നുണ്ട്. അധികാരികളുടെ നയനങ്ങൾ കർഷകരെ തളർത്താനല്ല വളർത്താനാണ് ഉപകരിക്കേണ്ടതെന്ന് ഈ കഥ ഓർമ്മിപ്പിക്കുന്നു.**



# കുരങ്ങും മുയലും തമ്മിലുള്ള മത്സരം

ഫിദ ഫാത്തിമ കെ എ
7B

പണ്ടൊരിക്കൽ കാട്ടിലൊരു മത്സരമുണ്ടായി. ആരാണോ, ആപ്പിൾമരത്തിൽ കയറി കൂടുതൽ

ആപ്പിളുകൾ പറിക്കുന്നത്, ആപ്പിൾമരത്തിലെ മുഴുവൻ ആപ്പിളുകളും അയാൾക്ക് സ്വന്തം.

മത്സരാർഥികളെല്ലാരും കുരങ്ങന്മാരായിരുന്നു.അപ്പോഴാണ് ഒരു മുയൽ അതുവഴി വന്നത്. മുയൽ

പറഞ്ഞു:"ഈ കളിക്ക് ഞാനുമുണ്ട്." കുരങ്ങുകളിൽ ഒരാൾ ചോദിച്ചു:"നീയോ...കുരങ്ങുകളോട്

മത്സരിക്കാൻ മാത്രം ധൈര്യമുണ്ടോ നിനക്ക്..? എന്നാലതൊന്നു കാണണമല്ലോ!"

മുയൽ അഹങ്കാരത്തോടെ പറഞ്ഞു:"ഞാൻ ആപ്പിൾ പറിക്കുകകയും ചെയ്യും മത്സരത്തിൽ

ജയിക്കുകയും ചെയ്യും." "എടാ എന്തിനാ വെറുതേ നാണം കെടുന്നത്?"കുരങ്ങൻമാർ പറഞ്ഞു

"ങാഹാ.!ഞാൻ കാണിച്ചുതരാം എല്ലാവരെയും..!" ഇതെല്ലാം പറഞ്ഞുകൊണ്ട് മുയൽ മരം

കയറാൻതുടങ്ങി. ഒന്നു കയറി. കയറി . താഴെവീണു. വീണ്ടും കയറി. താഴെവീണു. ഇതാവർത്തിച്ചുകൊണ്ടേ ഇരുന്നു. മുയൽ തളർന്നു. അപ്പോഴേക്കും കുരങ്ങ് ആപ്പിളുകൾ പറിച്ചുകഴിഞ്ഞിരുന്നു. മുയൽ നാണിച്ചുപോയി.

അഹങ്കാരം ആപത്താണെന്ന് ഇപ്പോൾ മനസ്സിലായില്ലേ..

## യാത്രാവിവരണം-ഗ്ലോബൽ സയൻസ് ഫെസ്റ്റ്


നിരഞ്ജന കെ ഷിബു
9B

ശനിയാഴ്ച രാവിലെ സേവയുടെ ആഭിമുഖ്യത്തിൽ വെച്ചൂർ നിന്നും തിരുവനന്തപുരത്തേക്ക് ഞങ്ങൾ യാത്രതിരിച്ചു. ഏഷ്യയിലെ തന്നെ ഏറ്റവും വലിയ സയൻസ് ഫെസ്റ്റിവലാണ് അവിടെ നടന്നത് .അവിടെ നിന്നും ഞങ്ങൾക്ക് അറിവും ഉല്ലാസകരവും ആയ അനുഭവമാണ് ലഭിച്ചത്.പല പല വിഭാഗങ്ങളിലായിട്ടായിരുന്നു അവിടെ കാഴ്ചകൾ ക്രമീകരിച്ചിരുന്നത്.ആദ്യം നക്ഷത്രങ്ങളുടെ ലോകത്തേക്ക് ഇറങ്ങിച്ചെന്നതുപോലെ ആയിരുന്നു. ഭൂമിയിൽ നിന്ന് നേരിട്ട് ബഹിരാകാശത്ത് എത്തിയപോലെ ഒരനുഭവമായിരുന്നു അത്.

പണ്ട് കാലത്ത് ഭൂമിയിൽ ഉണ്ടായിരുന്ന മൃഗങ്ങളുടേയും മറ്റ് ജീവികളുടേയും ഫോസിലുകൾ ഉണ്ടായിരുന്നു.മനുഷ്യശരീരത്തിലെ രോഗം ബാധിക്കാത്തതും ബാധിച്ചതുമായ അവയവങ്ങൾ അവിടെ കാണാൻ സാധിച്ചു .രോഗങ്ങളെപ്പറ്റി വ്യക്തമായി അവിടെ പ്രതിപാദിച്ചിരുന്നു.

ഇൻഡോർ പ്ളാൻറുകളുടെ ഒരു വലിയ ശേഖരണം അവിടെ ഉണ്ടായിരുന്നു.ചന്ദ്രൻേറയും ചൊവ്വഗ്രഹത്തിൻേറയും വലിയ രൂപം കാണാൻ സാധിച്ചു. എ പി ജെ അബ്ദുൾ കലാമിനെപ്പറ്റിയും അദ്ധേഹത്തിൻെറ ബഹിരാകാശദൗത്യങ്ങളെപ്പറ്റിയും മനസ്സിലാക്കാൻ സാധിച്ചു.റോക്കറ്റ് വിക്ഷേപണത്തെക്കുറിച് മനസ്സിലാക്കാൻ സാധിച്ചു.

ഡാർവിൻ,എഡിസൻ,ആൽബർട്ട് ഐൻസ്ററിൻ, മാഡം ക്യൂറി തുടങ്ങിയ ധാരാളം ശാസ്ത്രജ്ഞൻമാരെക്കുറിച്ചും അവരുടെ കണ്ടുപിടുത്തങ്ങളെക്കുറിച്ചും അറിവ് പകരുന്നത് ആയിരുന്നു ഈ യാത്ര.വളരെ രസകരവും വിജ്ഞ്നപ്രദവുമായിട്ടാണ് അവിടെ ഓരോ കാഴ്ചകളും ഒരുക്കിയിരുന്നത്



# വർണ്ണങ്ങളുടെ ലോകത്ത്...

ഗൗതം ശ്രീകുമാർ

അന്ന് ഒരു തിരക്കേറിയ ദിവസമായിരുന്നു. ജോലിയുടെ കാര്യത്തിലായാലും പട്ടണത്തിൽ തലങ്ങും വിലങ്ങും പായുന്ന വാഹനങ്ങളുടെ കാര്യത്തിലായാലും ആരവിന് അന്നേ ദിവസം തിരക്കുകളോട്തിരക്കുകളായിരുന്നു.വീട്ടിൽ ഒറ്റക്കായതുകൊണ്ടു തന്നെ ആരവിന് കമ്പനിയിൽ ദീർഘനേരം ജോലിചെയ്യുന്നത് വിഷമകരമായിരുന്നില്ല എന്നാൽ അന്ന് സാധാരണ ജോലി സമയത്തേക്കാൾ മൂന്നുമണിക്കൂർ അധികം ജോലിചെയ്തത് കൊണ്ട് തന്നെ അവൻ വളരെ അധികം ക്ഷീണിതനായിരുന്നു. പക്ഷേ റോഡിൽ വാഹനങ്ങളുടെ ഉത്സവം ആഘോഷിച്ചിരുന്നത് വാഹനപ്പുകയും ചെവിയടപ്പിക്കുന്ന നിർത്താതെയുള്ള ഹോണടികളും കൊണ്ടായിരുന്നു.ആകെ അസ്വസ്ഥനായിരുന്നു. രാവിലെ അവൻ എണിക്കാൻ വൈകി.അതിനാൽ കമ്പനി ഉദ്യോഗസ്ഥരിൽ നിന്നും അവന് ശകാരങ്ങൾ കേൾക്കേണ്ടിവന്നു.അവന്റെ മാനസികാവസ്ഥ മനസ്സിലാക്കിയ സഹപ്രവർത്തകർ അവനോട് അവധിയെടുക്കാൻ ഉപദേശിച്ചു.അവർ പറയുന്നതാണ് ശരിയെന്ന് തോന്നിയ അവൻ അവധിയെടുത്തിനുശേഷം അവന്റെ ഫ്ലാറ്റ് മുറിയിലെ സോഫയിൽ പോയി ഇരുരുന്നു. പെട്ടെന്ന് അവന് നിറം മങ്ങുന്നതായി തോന്നി.അവന് സഹിക്കാനാവാത്ത തലവേദന തോന്നി. പെട്ടെന്ന് ഒരു തിരശീല വീണുയരുന്നതുപോലെ എല്ലാം ഇരിണ്ടു സാധാരണ പോലെയായി. മുന്നിൽ നോക്കുമ്പോൾ ഒരു പക്ഷിയാണ് അവിടെ നിൽക്കുന്നത്. ആരവ് അതിനടുത്തേക്ക് പോയി. അപ്പോൾ ഒരു സ്വർണ്ണ നിറമുള്ള വീവർ പക്ഷിയേയാണ് അവൻ കണ്ടത്. അത് അവനോട് സംസാരിക്കുന്നുണ്ടായിരുന്നു. ആരവ് ഇവിടെ വരൂ..... പക്ഷിയുടെ ആ സ്വരം കേട്ട് അവൻ ഒരു നിമിഷത്തേക്ക് അമ്പരന്നു പോയി എങ്കിലും അവൻ പക്ഷിയുടെ അടുത്തേക്ക് പോയി. പക്ഷി തുറന്നുകിടക്കുന്ന വിശാലമായ ജനലരികിലെത്തി. സമയത്തിനും മുറികൾക്കും ഒരുമാറ്റവും അവനു തോന്നിയില്ലെങ്കിലും, പുറത്തുള്ള കാഴ്ചകൾ വിസ്മയിപ്പിക്കുന്നതായിരുന്നു. ആരവ് നിന്നിരുന്നത് ഇതുവരെ അവൻ ജീവിച്ച മലിനീകരിക്കപ്പെട്ട പടുകൂറ്റൻ കെട്ടിടങ്ങൾ

അട്ടിയട്ടിയായി പണിതിട്ടിരിക്കുന്ന ആ പട്ടണത്തിലായിരുന്നില്ല. പകരം 13000 അടി വീതിയുള്ള പുപ്പരപ്പിലായിരുന്നു. എന്നാൽ മഴവില്ലിന്റെ ഏഴുനിറങ്ങളുൾപ്പടെ പതിനാല് നിറങ്ങളുള്ള ഒരു പുൽമെത്തയായിരുന്നു അത്. ആരവ് ഒരമ്പരപ്പോടെ എല്ലാറ്റിനെയുംനോക്കി. ''ഇതാണ് ഞങ്ങളുടെ ലോകം.'' പക്ഷി പറഞ്ഞു. ഒന്നും അറിയാതെ നിഷ്കളങ്കതയോടെ അവൻ ചോദിച്ചു. ''എന്തിനാണ് എന്നെ ഇങ്ങോട്ടേക്ക് കൊണ്ടുവന്നത്.'' ഒന്നും പറയാതെ പക്ഷി മുന്നോട്ട് നീങ്ങി. ആരവ് കുപിതനായി.അവൻ പറഞ്ഞു:''നീ എന്നോട് ചോദിക്കാതെ പോലും നിന്റെ ഈ വികൃതമായ ലോത്തേക്ക് കൊണ്ടുവന്നിട്ട് ചോദിക്കുന്നതിന് മറുപടിതരാതെ നീ എവിടേക്കാ പോകുന്നത്.എനിക്ക് നല്ല തലവേദനയുണ്ട്. എന്നെ എന്റെ സ്ഥലത്തേക്ക് തിരിച്ചുവിടൂ....'' ആരവ് പറഞ്ഞു.എന്നാൽ ഇതിനൊന്നും ഇനി സാധ്യതയില്ല എന്ന മട്ടിൽ കിളി അതിന്റെ യാതര തുടർനനു. ദേഷ്യം വന്ന അവൻ പക്ഷിയുടെ പാതക്യു പകരം സ്വന്തം വഴി തിരഞ്ഞെടുത്തു.

പക്ഷി അത് ശ്രദ്ധിച്ചില്ല. അവൻ പോയത് നിറങ്ങളുടെ ഗാഢത കുറഞ്ഞ ഒരു കാട്ടിലേക്കാണ്.നിഗൂഢതകൾ നിറഞ്ഞ ആ കാട്ടിൽ ഇരുട്ടായിരുന്നു. ഇടയ്ക്കിടെ ചില ദുസൂചനകൾ അവനെ കാത്തിരുന്നു.എങ്കിലും ഒന്നും അറിയാതെ അവൻ മുന്നോട്ട് നീങ്ങി.മൈലുകൾ താണ്ടി താണ്ടി അവൻ ക്ഷീണിച്ചു.ആരവ് ഒരു മരത്തിൻെറ കീഴിലിരുന്നു വിശ്രമിക്കാൻ ആരംഭിച്ചു .


ഒരുപാട് നേരം ഇരുന്നിരുന്ന് അവൻ ഉറങ്ങിപ്പോയി .പെട്ടന്ന് അവൻെറ അടുത്ത് കിടന്ന വള്ളിച്ചെടികൾ അവൻെറ കാലുകളിൽ ചുറ്റാൻ തുടങ്ങി .അവൻ ഞെട്ടിയുണർന്നു. അവൻ ഒരുപാട് കഷ്ടപ്പെട്ട് രക്ഷപ്പെടാൻ ശ്രമിച്ചു. അവസാനം അവൻെറ കയ്യിലുണ്ടായിരുന്ന വാച്ചിൻെറ മൂല കൊണ്ട് വള്ളിച്ചെടികൾ പൊട്ടാൻ തുടങ്ങി .അവിടെ നിൽക്കുന്നത് സുരക്ഷിതമല്ല എന്ന് മനസ്സിലാക്കിയ അവൻ മുന്നോട്ട് നീങ്ങി .യാത്രയിൽനിരവധി മൃഗങ്ങളുടെ ആക്രമണങ്ങൾ നേരിട്ട് അവൻ യാത്ര തുടർന്നു. ദാഹം കൊണ്ട് അവൻ ബോധം കെട്ടു വീണു. ആ സമയം തണുത്ത കാറ്റ് അവനെ തടവി മറയുന്നുണ്ടായിരുന്നു.അരുവിയുടേയും ,കിളികളുടേയും ശബ്ദ അകമ്പടിയോടൊപ്പം പൂക്കളുടേയും,തേനിൻേറയും വാസനയിൽ അവൻ ഏതോ ഒരു പ്രശാന്തതയിൽ കിടക്കുന്നതായി അവനു തോന്നി. അവൻ ഉണർന്നു. നോക്കുംബോൾ അവൻ കിടക്കുന്നത് അവൻെറ സ്വപ്നത്തിൽ എപ്പോളൊ മിന്നിമറഞ്ഞ അതേ പ്രശാന്തതയുടെ തീരമാണത് .അവനുചുറ്റും നിരവധി പക്ഷികൾ .അവനെ വീട്ടിൽ നിന്നും കൂട്ടികൊണ്ടുവന്ന വീവർ പക്ഷി അവരിൽനിന്നും മുന്നോട്ട് വന്ന് അവനോട് പറഞ്ഞു .കാട്ടിൽ വഴിതെറ്റിബോധം കെട്ടുവീണ നിന്നെ ഞങ്ങളാണ് ഇങ്ങോട്ടു കൊണ്ടുവന്നത് .അവന് സന്തോഷം അടക്കാൻ കഴിഞ്ഞില്ല.കാരണം ആ നിഗൂഢ വനത്തിൽ അവൻ കഴിച്ചുകൂട്ടിയ മണിക്കൂറുകൾ അങ്ങനെയുള്ളതായിരുന്നു. അവൻ എഴുന്നേററ ശേഷം അരുവിയുടെ ജലത്താൽ മുഖം കഴുകി .അവൻ അവരോട് പറഞ്ഞു നിന്നെ ഞാൻ ആദ്യം വിശ്വസിച്ചില്ല. അത് എൻെറ തെറ്റാണ്. എന്നോട് നീ ക്ഷമിക്കണം . വീവർ പറഞ്ഞു അത് സാരമില്ല . പക്ഷെ നീ പറഞ്ഞില്ലേ ഇതൊരു വികൃതമായ ലോകമാണെന്ന്. ഇതിനു കാരണം ഞങ്ങളല്ല. നിങ്ങൾ മനുഷ്യരാണ്. നിങ്ങൾമനുഷ്യരാണ്

നിങ്ങൾ ഞങ്ങളുടെ ആവാസവ്യവസ്ഥകൾ നശിപ്പിക്കന്നു അങ്ങനെ ഞങ്ങൾ പക്ഷികളും മറ്റു ജന്തുജാലങ്ങളും ഇല്ലാതാകുന്നു . അങ്ങനെയാണ് ഞങ്ങൾ ഇവിടെ എത്തുന്നത് .നിന്നെ പിൻതുടർന്ന മൃഗങ്ങളും ചെടികളും ഭൂമിയിൽ വംശമറ്റ്പോയ ജീവജാലങ്ങളാണ്അതുംമാനവർ മൂലം .ഒരു കാലത്ത് ഭൂമിയുടെ മായാവിഷയത്തിൽ ജീവിച്ചിരുന്ന ഞങ്ങളെ നിങ്ങൾ ഉപദ്രവിച്ചു . നിങ്ങളുടെ ആവശ്യങ്ങൾക്ക് വേണ്ടിഞങ്ങളെ കൊന്നു. ചൂഷണം ചെയ്തു . ഒരുപക്ഷെ നീ ആയിരിക്കില്ല. നിൻെറ കുടുംബം പോലും ഞങ്ങളുടെ വംശനാശത്തിന് കാരണമായിട്ടുണ്ടാവും .പക്ഷി പറഞ്ഞുനിർത്തിയപ്പോൾ ആരവിൻെറ കണ്കോണുകളിൽ നിന്ന് കണ്ണുനീർ തുളുമ്പുകയായിരുന്നു . അധികനേരമെടുത്തെങ്കിലും അവർ സുഹൃത്തുക്കളായി. കുറെ അധികം നേരം ആ മലഞ്ചെരുവിന്റെ കീഴിൽ വെള്ളച്ചാട്ടങ്ങൾ അലയടിക്കുന്നആരവത്തിൽ പക്ഷികളുടെയും പൂക്കളുടെ സാന്നിധ്യത്തിൽ അവൻ മനസ്സ് ശാന്തമാക്കി. നേരം വല്ലാതെ ഇരുട്ടിയിരുന്നു. പെട്ടെന്ന് ശാന്തമായ ജലത്തിൽ കല്ലുവീഴുമ്പോലെ ഒരു ജാലകം പ്രത്യക്ഷപ്പെട്ടു. അവരിൽ നിന്നും ഒരു പ്രത്യേകതരം തത്ത പറഞ്ഞു:"നിനക്ക് പോകാനുള്ള വഴിയാണീ ജാലകം, പോകൂ... വീട്ടിലെത്താനുള്ള സമയമായി".ആരവിന് സങ്കടവും, സ്വന്തം മരണത്തെപ്പറ്റി സംസാരിക്കുന്ന പക്ഷികളെക്കുറിച്ചോർത്ത് സഹതാപവും തോന്നി. മനസ്സ് കല്ലാക്കിക്കൊണ്ട് അവൻ യാത്ര പറഞ്ഞു. അവനാ ജാലകത്തിലേക്ക് കയറി. ഒരുകുഴിയിലേക്ക് വീഴുംപോലെ അവന് തോന്നി. ഡിം...... അവൻ ഞെട്ടിയുണർന്നു. അപ്പോഴാണവന് മനസ്സിലായത്, താൻ ഗാഢമായ നിദ്രയിലായിരുന്നുവെന്ന്. സമയം നാലുമണി. അവൻ ആഗ്രഹിച്ചു, അങ്ങനെ ഒരു ലോകം ഉണ്ടായിരുന്നെങ്കിൽ....

# ധനികന്റെ കരുണ

റിഥിക അരുൺകുമാർ
5 B


അപ്പുവുംഅവന്റെ അമ്മയും കാട്ടിൽ വിറക് ശേഖരിക്കാൻ പോയിരിക്കുകയാണ്.അവർ അതീവ ദാരിദ്ര്യത്തിലാണ്. ഒരു ചെറിയ കുടിൽ അതിൽ ആണ് അപ്പുവും അച് ഛനും അമ്മയും അനുജത്തി അമ്മുവും താമസിച്ചിരുന്നത്.അപ്പുവും അമ്മുവും എല്ലാ ദിവസവും സ്ക്കൂളിൽ പോകും.അവർ രണ്ടുപേരും നന്നായി പഠിക്കുമായിരുന്നു.പക്ഷേ ദരിദ്രരായ അവരോട് ആരും കൂട്ട് കൂടില്ല എന്ന് മാത്രമല്ല അവരെ എല്ലാ കുട്ടികളും കളിയാക്കുമായിരുന്നു.ഒരു ദിവസം അവരുടെ അച് ചൻ വീട്ടുമുറ്റത്ത് തലചുറ്റി വീ ണു.ആ സമയം വീട്ടിൽ അമ്മ ഉണ്ടായിരുന്നില്ല.അമ്മ അവരുടെ സ്വന്തം വീട്ടിൽ പോയിരിക്കുകയായിരുന്നു.കുട്ടികൾ സ്ക്കൂളിൽ നിന്ന് വന്നപ്പോൾ കണ്ടത് മുറ്റത്ത് വീണുകിടക്കുന്ന അച് ചനെയാണ്.അവർ ചുറ്റുമുള്ളലആളുകളെ വിളിച്ചു.പക്ഷേ ആ കുട്ടികളെ സഹായിക്കാൻ ആരും തയ്യാറായില്ല.അവർ തങ്ങളുടെ അമ്മയെ ഫോൺ വിളിക്കാൻ അയൽപക്കത്തുള്ള വീട്ടിൽ ചെന്നു പക്ഷേ അവർ അവരെ ഓടിച്ചുവിട്ടു.അങ്ങനെ ഒരു മാർഗവും ഇല്ലാതായി. അപ്പോൾ അതുവഴി ഒരു നല്ലവനായ ധനികൻ വന്നു.അയാൾ അവരോട് കരയുന്നതിന്റെ കാരണം ചോദിച്ചു.അവർ നടന്നതെല്ലാം അദ്ധേഹത്തോട് പറഞ്ഞു .എല്ലാം കേട്ടിട്ട് അദ്ധേഹം ഒരു തീരുമാനം എടുത്തു അവരുടെ അച്ഛനെ രക്ഷിക്കുക .ഉടൻ തന്നെ അയാൾ കുട്ടികളോടൊപ്പം അവരുടെ അച്ഛനേയും കൊണ്ട് ആശുപത്രിയിലേക്ക് പോയി. തക്കസമയത്ത് ചികിൽസ ലഭിച്ചത്കൊണ്ട് കുട്ടികൾക്ക് അവരുടെ അച് ചനെ തിരികെ കിട്ടി. അവർക്ക് സന്തോഷമായി. ധനികൻ കുട്ടികളോട് ചോദിച്ചു .നിങ്ങളുടെ അമ്മ എവിടെ ? അമ്മ അമ്മയുടെ വീട്ടിൽ പോയി.രുന്നു. ഇപ്പോൾ ഞങ്ങളെ തിരക്കുന്നുണ്ടാവും . ധനികൻ അവരെ ആശ്വസിപ്പിച്ചു..അയാൾ കുട്ടികളേയും കൂട്ടി അമ്മയെ കാണുവാൻ അവരുടെ വീട്ടിലേക്ക് പോയി.കാര്യങ്ങളെല്ലാം വിശദമായി പറഞ്ഞ് അമ്മയേയും കൂട്ടി ആശുപത്രിയിലേക്ക് വന്നു. അച്ഛന്റെ അസുഖം മാറി അവർ വീട്ടിലേക്ക് പോയി .അവരുടെ കഷ്ടപ്പാട് കണ്ട് ദയ തോന്നിയ ആ ധനികൻ കുട്ടികൾക്ക് പഠിക്കുവാനുള്ള സഹായങ്ങളെല്ലാം ചെയ്തുകൊടുത്തു. പിന്നീട് അവർ രണ്ടുപേരും പഠിച്ച് ഡോക്ടർമാരായി. ഒരിക്കൽ ജോലിക്കിടയിൽ അവർ രോഗബാധിതനായ ഒരു മുത്തശ്ശനെ കണ്ടു.അത് അവരെ രക്ഷിച്ച ധനികനായിരുന്നു എന്ന് അവർ മനസ്സിലാക്കി. അങ്ങനെ ആമുത്തശ്ശനെ അവർ രക്ഷിച്ചു.



# ആദ്യ സ്റ്റേജ് അനുഭവം

അഞ്ജന എം ജെ
8 C

അന്ന് എനിക്ക് അഞ്ച് വയസായിരുന്ന പ്രായം. സ്കൂൾ ആനിവേഴ്സറിക്ക് വേണ്ടി ടീച്ചർ കുട്ടികളുടെ ഒരു സിനിമാറ്റിക് ഡാൻസ് നടത്താൻ തീരുമാനിച്ചു. താൽപര്യമുള്ളവർ എഴുന്നേൽക്കാൻ പറഞ്ഞപ്പോൾ ഞാൻ ചാടി എഴുന്നേറ്റു. ടീച്ചർ പേരൊക്കെ കുറിച്ച് കൊണ്ടുപോയി.ഞങ്ങൾ എട്ടുപത്തു പേരുണ്ടായിരുന്നു.അങ്ങനെ ടീച്ചർ ഞങ്ങളെ ഡാൻസ് പഠിപ്പിച്ചു . ടീച്ചറിനുമുന്നിൽ ഞാൻ നന്നായിയൊക്കെ അവതരിപ്പിച്ചെങ്കിലും പത്താളുകളുടെ മുൻപിൽ ചെന്നാൽ ഇപ്പോഴും എന്റെ കാലിടിക്കും . അങ്ങനെ ആനിവേഴ്സറി ദിവസമെത്തി .വീട്ടിൽ ഞാൻ ഇത്തിരി അലമ്പിയൊക്കെ ആണെങ്കിലും സ്ക്കൂളിൽ അത്രക്കില്ല. രാവിലെ തന്നെ ഞങ്ങൾ ഡാൻസിനുള്ള കുട്ടികളും അമ്മമാരും സ്ക്കൂളിലെത്തി.വന്നപാടെ ടീച്ചറുമായി അമ്മ സംസാരം തുടങ്ങി. എന്റെ സ്വഭാവസവിശേഷതകളാകും വിഷയം. അൽപ്പനേരം കഴിഞ്ഞ് ടീച്ചർമാരും അമ്മമാരും ചേർന്ന് ഞങ്ങളെ ഒരുക്കാൻ തുടങ്ങി. ഒരുങ്ങിയ ശേഷം ചിത്രമെടുപ്പും കഴിഞ്ഞ് പഠിച്ച ഡാൻസ് വീണ്ടും ഒന്ന് കളിച്ചുനോക്കി.ഡാൻസ് തുടങ്ങാൻ സമയമായി . ചെസ്റ്റനമ്പർ കിട്ടി. സ്റ്റേജിൽ കയറി .കർട്ടൻ ഉയർത്തിയതും നിറയെ ആളുകൾ മൊബൈലും പിടിച്ച് നിൽക്കുന്നു .ടീച്ചർ മുന്നിൽ തന്നെയുണ്ട് . സ്റ്റേജിൽ കയറുന്നതിന് മുൻപു തന്നെ ടിച്ചർ ധൈര്യത്തിനുള്ള മരുന്നൊക്കെ തന്നാണ് വിട്ടത് .ടീച്ചറെ കണ്ടപ്പോൾ കുറച്ച് ധൈര്യം വന്നു. ആ ധൈര്യവുമായി പാട്ട്തുടങ്ങിയപ്പോൾ ഞാൻ ഡാൻസ് ചെയ്തു. കുഴപ്പമൊന്നുമില്ലാതെ മുൻപോട്ട് പോകുകയായിരുന്നു .പകുതിയായപ്പോൾ എന്റെ കളിയുടെ ഫലമായിരിക്കും തലയിലിരുന്ന പൂവും തട്ടവുമെല്ലാം പറിഞ്ഞ് താഴെ കിടന്നു .ഞാൻ കുറച്ച് ചിണുങ്ങിയെങ്കിലും ടീച്ചർ സാരമില്ല കളിച്ചോ എന്ന് ആക്ഷനിലൂടെ എന്നോട് പറഞ്ഞു. ഡാൻസ് കഴിഞ്ഞ് പുറത്തിറങ്ങിയപ്പോൾ എനിക്ക് പിടിച്ചുനിൽക്കാൻ കഴിഞ്ഞില്ല. ഞാൻ കരഞ്ഞു ടീച്ചർമാരും അമ്മയുമൊക്കെ എന്നെ സമാധാനിപ്പിച്ചു .പിന്നെ ഡാൻസിന്റെ പേരിൽ ട്രോഫിയൊക്കെ കിട്ടിയപ്പോൾ എന്റെ സങ്കടമെല്ലാം മാറി . അന്ന് എന്റെ ടീച്ചർ കൂടെ ഇല്ലായിരുന്നുവെങ്കിൽ ഒരുപക്ഷെ ഞാൻ സ്റ്റേജിലിരുന്ന് കരഞ്ഞേനെ .ടീച്ചറായിരുന്നു എന്റെ ധൈര്യത്തിനുള്ള മരുന്ന് . ഇപ്പോൾ അതിനെപ്പറ്റി ചിന്തിക്കുമ്പോൾ വളരെ രസകരമായി തോന്നുന്നു.എന്റെ ആദ്യത്തെ സ്റ്റേജ് അനുഭവം ഇപ്പോഴും ഞാൻ ഇന്നലത്തേതുപോലെ ഓർമ്മിക്കുന്നു.




# എന്റെ കൃഷി

അതുൽകൃഷ്ണ.ബി
9 A

നമ്മുടെ വീട്ടുമുറ്റത്ത് നമുക്ക് തീർക്കാം നല്ലൊരു അടുക്കളതോട്ടം.വിഷമില്ലാത്ത പച്ചക്കറി കൃഷിയിലൂടെ നമുക്ക്നമ്മുടെ നാടിൻെറ നട്ടെല്ലായി മാറാം.മാരകമായ രോഗങ്ങളിൽ നിന്നും മുക്തി നേടാം.അന്യസംസ്ഥാനങ്ങളിൽ നിന്നും വരുന്ന മാരകമായ വിഷമുള്ള പച്ചക്കറികൾ ഉപേക്ഷിക്കാനും അതോടൊപ്പം ഒരു ചെറിയ വരുമാനം നമുക്ക് ഇതിൽ നിന്ന് നേടാനും സാധിക്കും. കാലാനുസാരണം തീപിടിച്ച വിലയുമായി അന്യസംസ്ഥാനങ്ങളിൽ നിന്ന് വരുന്നപച്ചക്കറികൾ ഒരു സാധാരണക്കാരന് വാങ്ങി ഉപയോഗിക്കാൻ പറ്റാതെയായി വരുന്ന ഈ സാഹചര്യത്തിൽ വളരെ കുറഞ്ഞ ചിലവിൽ നമുക്ക് തന്നെ നമ്മുടെ വീട്ട് ആവശ്യങ്ങൾക്കായി സ്വന്തമായൊരു പച്ചക്കറികൃഷി തുടങ്ങാം. ക്യാൻസർ പോലുള്ള മാരകമായ രോഗങ്ങളിൽ നിന്നും മുക്തി നേടി നമ്മുടെ ആരോഗ്യത്തെ നിലനിർത്തി നല്ലൊരു ആരോഗ്യമുളള തലമുറയെ വളർത്തിയെടുക്കാനുംമണ്ണിൻെറ ഘടനയേയും ആവാസവ്യവസ്ഥയേയും നിലനിർത്തി പ്രകൃതിയെ സംരക്ഷിക്കാനും നമുക്ക് ജൈവപച്ചക്കറി കൃഷിയിലൂടെ സാധിക്കും.

സ്കൂളിൽ നിന്നും വിത്ത് മുളപ്പിക്കുന്ന രീതി അഞ്ചാം ക്ലാസിലെ ടീച്ചർ പറഞ്ഞുതന്നപ്പോൾ അത് പരീക്ഷിക്കാൻ ഞാൻ പാകിയ പയർവിത്ത് മുളച്ച് വന്നതോടെ അച്ഛന്റെ സഹായത്താൽ ഞാനത് നട്ടു. ഒരു വളവും ചെയ്യാതെ വെള്ളം മാത്രം ഒഴിച്ച് വളർത്തിയ പയറുചെടിയിൽനിന്നും വീട്ടാവശ്യത്തിനുള്ള പയർ കിട്ടിയപ്പോൾ കൗതുകമാണ് തോന്നിയത്. പിന്നീട് ചെറിയരീതിയിൽ കൃഷിചെയ്യുന്ന അവരുടെ കൂടെനിന്ന് കൃഷിരീതികൾ കണ്ട് പഠിച്ചു. അമ്മയുടെ കൂട്ടുകാരിയുടെ കൈയിൽ നിന്നും വാങ്ങിയ മുളക് വിത്ത് ഞാൻ പാകി മുളപ്പിച്ചു. വളർത്തി. അതിൽനിന്നും മെച്ചപ്പെട്ടരീതിയിൽ ഞങ്ങൾക്ക് വരുമാനം കിട്ടി. മുളക് തിരക്കി വീട്ടിൽ ആളുകൾ വരുവാൻ തുടങ്ങി. ഞങ്ങളുടെ അടുത്തുള്ള ശശി ചേട്ടന്റെ പറമ്പിൽ ഞാൻ കൃഷി ചെയ്തു. പയർ, ചീര, വെണ്ട, ഇത്രയുമൊണ് ആദ്യം കൃഷി ചെയ്തത്. അതിന് അച്ഛനും അമ്മയും ഏറെ സഹായിച്ചു. തോട്ടം ചെറുതായിരുന്നെങ്കിലും വീട്ടാവശ്യത്തിനും കടകളിൽ കൊടുക്കാനുമുള്ള പച്ചക്കറികൾ അതിൽനിന്നും കിട്ടിയിരുന്നു. ഇന്നിപ്പോൾ പയർ, ചീര, വെണ്ട, പടവലം, പാവൽ, തക്കാളി, ഒരലങ്കാരത്തിന് ബന്തി എന്നിവ നട്ടിട്ടുണ്ട്. ചാണകവും, മീനിന്റെ അവശിഷ്ടങ്ങളും ശർക്കരയും ചേർത്ത് രണ്ടാഴ്ചയ്ക്കു ശേഷം ഇരട്ടിവെള്ളവും ചേർത്ത് ചെടിയുടെ ചോട്ടിൽ ഒഴിച്ച്കൊടുക്കും,കഞ്ഞിവെള്ളം പുളിപ്പിച്ച് കാന്താരിയുടെ ചോട്ടിലും ഇലകളിലും തളിക്കും. ഇത് ചെടി നന്നായി തഴച്ചുവളരാനും, കുരുടിപ്പ് മാറാനുംസഹായിക്കും. ഏതൊരു വിത്ത് പാകുന്നതിന് മുൻപും മണ്ണ് നന്നായികിളച്ച് കുമ്മായം വിതറി 5-10 ദിവസം കഴിഞ്ഞേ വിത്ത് പാകാവൂ. ഇതും അമ്മയുടെ രീതികണ്ടാണ് ഞാൻ പഠിച്ചത്. കീടങ്ങളെ അകറ്റാൻ വേപ്പെണ്ണയാണ് ഉപയോഗിക്കുന്നത്. കുറഞ്ഞ ചിലവിലുള്ള കൃഷിയാണ് ഞാൻ ചെയ്യുന്നത്. ഇതു കൊണ്ട് വിഷരഹിതമായ പച്ചക്കറി ഞങ്ങൾക്ക് ലഭിക്കുന്നു. ഇതിനുള്ള എല്ലാ സഹായവും ചെയ്തുതരുന്നത് അച്ഛനും അമ്മയും എന്റെ കുഞ്ഞുപെങ്ങളുമാണ്. കൃഷി അതേതുമായിക്കോട്ടെ, അത് ജീവരാശിയുടെ നട്ടെല്ലാണ്.....




Only you can control yourself

നന്ദി......